ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
ഇ-മെയിൽ :dhskerala.hlth@kerala.gov.in
വെബ്സൈറ്റ്: www.dhs.kerala.gov.in

സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ :ഡോക്ടർ റീന .കെ .ജെ . )

വിഷയം: ആരോഗ്യവകുപ്പ് : ജീവനക്കാര്യം - മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലംമാറ്റം 2026 - അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലെ തുടർ നടപടികൾ അവസാനിപ്പിക്കുവാൻ താൽക്കാലികമായി തീരുമാനിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ.(പി) നം. 3/2017/ഉ.ഭ.പ.വ.,തീയതി: 25/02/2017.
2. സ.ഉ.(സാധാ)നം.1097/2026/H&FWD, തീയതി:14/03/2026.
3. സ.ഉ.(സാധാ) നം.1369/2026/H&FWD തീയതി : 10-04-2026
4. സർക്കുലർ നം.ഇ.എച്ച് 1-31371/2025/ആ.വ.ഡ.തീയതി:13/04/2026.
5. ജീവനക്കാർ SPARK മുഖേന സമർപ്പിച്ച അപേക്ഷകൾ.

<u>ഉത്തരവ് നം DHS/3715/2025-ED3 തീയതി.29-05-2026</u>

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ 2026 പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി

ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപ്രകാരം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലെ ഉദ്യോഗസ്ഥർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള ജീവനക്കാരാരും തന്നെ പരാമർശം ഒന്ന് ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അർഹരായി കാണുന്നില്ല. ആയതിനാൽ ടി തസ്തികയിൽ നിലവിൽ ആരും പൊതുസ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അർഹരല്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഇപ്രകാരമുള്ള ഉത്തരവിന്മേൽ എന്തെങ്കിലും പരാതി / ആക്ഷേപം ഉള്ളവർക്ക് ഹർജി തയ്യാറാക്കി സ്ഥാപന മേധാവി മുഖാന്തിരം അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് **3/06/2026** -ന് വൈകുന്നേരം **5** മണിയ്ക്ക് മുൻപായി നൽകേണ്ടതാണ്. ജില്ലാ മെഡിക്കൽ ഓഫീസർമാർ ഹർജികൾ പരിശോധിച്ച് അഭിപ്രായക്കുറിപ്പ് സഹിതം **05/06/2026** -ന് വൈകുന്നേരം **5** മണിയ്ക്ക് മുൻപായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്കു ശേഷം ലഭിക്കുന്ന ഹർജികൾ പരിഗണിക്കുന്നതല്ല.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ യഥാസമയം ഹർജികൾ സമർപ്പിക്കാത്തത് കാരണം അന്തിമ പട്ടികയിൽ നിന്നും ഏതെങ്കിലും ഉദ്യോഗസ്ഥർ ഒഴിവാക്കപ്പെടുകയാണെങ്കിൽ ആയത് സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്കായിരിക്കും.

Digitally signed by
Reena K J
Date: 29-05-2026
14:00:30

**Dr REENA K J**

**DIRECTOR OF HEALTH SERVICES,**

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ.

പകർപ്പ്:- 1.എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.

2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.

3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക പ്രസിദ്ധീകരണത്തിന്.

4. ഫയൽ/കരുതൽ ഫയൽ